മാനസികവുമായി ജോലി ചെയ്യാൻ ശേഷിയുള്ളവരാണെങ്കിൽ പ്രസ്തുത ജീവനക്കാരെത്തന്നെ നിയോഗിക്കേണ്ടതാണെന്ന് ബഹു. കോടതി നിർദ്ദേശിച്ചിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

**സംസ്ഥാന വനിതാ കമ്മീഷൻ സുവോമോട്ടോ അന്വേഷിച്ച പരാതികൾ**

**256 (4300)** ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽവന്ന് നാളിതുവരെ സംസ്ഥാന വനിതാ കമ്മീഷൻ സ്വമേധയ എത്ര പരാതികൾ അന്വേഷിച്ചെന്നും എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തുവെന്നും ഇതിൽ എത്ര കേസ്സുകൾ തീർപ്പു കൽപ്പിച്ചെന്നും വർഷം തിരിച്ച് കണക്ക് വിശദമാക്കാമോ ;

(ബി) സംസ്ഥാന വനിതാ കമ്മീഷൻ 2011 മുതൽ വർഷംപ്രതി എത്ര പരാതികൾ ലഭ്യമായിട്ടുണ്ടെന്നും അതിൽ ഇതിനകം എത്ര പരാതികളിൽ തീർപ്പുകൽപ്പിച്ചെന്നും വിശദമാക്കാമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

**ശ്രീമതി ജോളി കെ. ജോർജിന് അർഹതപ്പെട്ട ഗ്രേഡ് ആനുകൂല്യം**

**257 (4301)** ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 14-2-1990-ൽ സാമൂഹ്യനീതിവകുപ്പിൽ സി.ഡി.പി.ഒ. ആയി സർവ്വീസിൽനിന്ന് വിരമിച്ച ശ്രീമതി ജോളി കെ. ജോർജിന് (ചുമലപ്പറമ്പിൽ, വെള്ളരിക്കുണ്ട്) അർഹതയുള്ള ഗ്രേഡ് ആനുകൂല്യം നൽകണമെന്ന് ആവശ്യപ്പെട്ട് 23-3-2015-ൽ വകുപ്പ് മന്ത്രിക്ക് അപേക്ഷ ലഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പേ-റിവിഷൻ പ്രകാരവും കെ.എസ്.ആർ. പ്രകാരവും ലഭിക്കേണ്ട ആനുകൂല്യം ലഭിക്കാൻ എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ ; എങ്കിൽ അവ വിശദമാക്കുമോ ;

(സി) തടസ്സങ്ങൾ ഇല്ലെങ്കിൽ ശ്രീമതി ജോളി കെ. ജോർജിന് അർഹതപ്പെട്ട ആനുകൂല്യം ലഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) 14-2-1990-ൽ സാമൂഹ്യനീതിവകുപ്പിൽ CDPO ആയി സർവ്വീസിൽ നിന്നും വിരമിച്ച ശ്രീമതി ജോളി. കെ. ജോർജ്ജ് എന്ന ഒരു ജീവനക്കാരി ഉണ്ടായിരുന്നതായി കാണുന്നില്ല. എന്നാൽ 14-2-1990-ൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി ഡോളി. കെ. ജോർജ്ജ് 30-11-2013-ന് ശിശുവികസന പദ്ധതി ഓഫീസറായി സർവ്വീസിൽ നിന്നും വിരമിച്ചിട്ടുണ്ട്. രേഖകൾ പരിശോധിച്ചതിൽ 23-3-2015-ൽ ടിയാൾ വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച അപേക്ഷ ഈ വകുപ്പിൽ ലഭിച്ചതായി കാണുന്നില്ല. ടിയാളുടെ ഗ്രേഡ് അനുവദിക്കണമെന്ന 22-4-2014-ലെ അപേക്ഷയിന്മേൽ സാമൂഹ്യനീതി ഡയറക്ടർ നടപടികൾ കൈക്കൊണ്ടുവരുന്നു.

**കണ്ണൂർ ജില്ലയിൽ പുതുതായി അനുവദിച്ച അംഗൻവാടികൾ**

**258 (4302)** ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കണ്ണൂർ ജില്ലയിൽ എത്ര അംഗൻവാടികൾ അനുവദിച്ചിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും അറിയിക്കാമോ ;

(ബി) പുതുതായി അംഗൻവാടികൾ അനുവദിക്കാനുള്ള എത്ര പ്രൊപ്പോസലുകൾ പരിഗണനയിലുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കണ്ണൂർ ജില്ലയിൽ പുതുതായി അങ്കണവാടികൾ അനുവദിച്ചിട്ടില്ല.

(ബി) പുതുതായി അങ്കണവാടികൾ അനുവദിക്കാനുള്ള 11 പ്രൊപ്പോസലുകൾ പരിഗണനയിലുണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

**സ്വകാര്യ ഹോസ്റ്റലുകളിലെ അടിസ്ഥാന സൗകര്യ വികസനം**

**259 (4303)** ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അംഗീകാരമില്ലാത്ത ധാരാളം ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നുണ്ടെന്ന വിവരം അറിയാമോ ;

(ബി) പല സ്വകാര്യ ഹോസ്റ്റലുകളിലും അടിസ്ഥാന സൗകര്യങ്ങൾപോലും ലഭ്യമല്ലെന്നകാര്യം ശ്രദ്ധിച്ചിട്ടുണ്ടോ ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly